കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്

**2017-18**

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.പി.2-1675/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഫോൺ : 0487-2331249
ഇ-മെയിൽ : dotsr.ksad@kerala.gov.in
തീയതി.11/12/2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
അവിണിശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.പി.2-1675/2018, തിയ്യതി: 11/12/2018

## തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2017 മുതൽ 06.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സുനിൽ കുമാർ.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 17.10.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലിസി.ടി.ജെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | സിജ്ജു.പി.ഡാംസൺ | അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ.കെ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജയൻ.വി.എസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സൂര്യ ഷോബി | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | എം.കെ.സുരേഷ് | 01.04.2017 മുതൽ 31.03.2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ. ബിജ്ജു.വി.ബാലൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.സന്ദീപ്.എ.വി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. കെ.ആർ ബിജ്ജ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഗീത പി.കെ | 01.04.2017 മുതൽ 20.07.2017 വരെ |
| | ഡോ.അനിത സുകുമാരൻ | 21.07.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.റോസിലി.ടി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം.കെ ഗിരിജ | 01.04.2017 മുതൽ 05.06.2017 വരെ |
| | ഡോ.മാത്യൂസ് | 06.06.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (അവിണിശ്ശേരി) | ശ്രീമതി.സിന്ധു പി.ജി | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. (പാലിശ്ശേരി) | ശ്രീമതി.ഷൈനി.സി.പി | 01.04.2017 മുതൽ 16.06.2017 വരെ |
| | ശ്രീ.അഖിൽ.എം.എസ് | 17.06.2017 മുതൽ 30.06.2017 വരെ |
| | ശ്രീമതി.ഷൈജ.എം.വി | 01.07.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.സൂര്യകുമാരി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രാമചന്ദ്രൻ.കെ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| ഭാഗം **2** | | |
| 13 | ബജറ്റ് | 2-1 |
| 14 | ഡി&ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ | 2-2 |
| 15 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 2-3 |
| 16 | വാടക സംബന്ധിച്ച അപാകതകൾ | 2-4 |
| 17 | ഇ-പേയ്മെന്റിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ചാർജ്ജുകൾ ഈടാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ് | 2-5 |
| 18 | വസ്തു നികുതി – സാംഖ്യ-സഞ്ചയ പൊരുത്തക്കേടുകൾ | 2-6 |
| ഭാഗം **– 3** | | |
| 19 | നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തിരിച്ചടക്കേണ്ടതാണ് | 3-1 |
| 20 | മോണിറ്ററിംഗ് റിപ്പോർട്ട്- പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കുന്നില്ല | 3-2 |

| | | |
|---|---|---|
| 21 | മരുന്ന് ലഭ്യമാക്കിയിട്ടില്ല – 264858/- രൂപ തടസ്സപ്പെടുത്തുന്നു | 3-3 |
| 22 | എസ്.എസ്.എ. വിഹിതം-അധികം നൽകിയത് | 3-4 |
| 23 | നീർത്തട മാസ്ററർ പ്ളാൻ തയ്യാറാക്കിയിട്ടില്ല | 3-5 |
| 24 | സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-6 |
| 25 | മൃഗസംരക്ഷണ പദ്ധതികൾ –പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3-7 |
| 26 | സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി അപേക്ഷ വിവരങ്ങൾ – 2017-18 | 3-8 |
| 27 | തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ – 2017-18 | 3-9 |
| ഭാഗം **4** | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 38 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 39 | അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം | |


## ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 27.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 24.03.2018 തീയതിയിലെ 8(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 01.06.18 | -- | -- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018, 26.06.2018 | കെ.എസ്.എ.ടി.എസ്.ആർ(ഇ3)1150/18(09) തീ.12.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7486571 |
| വരവ് | 51839769 |
| ആകെ | 59326340 |
| ചെലവ് | 55041802 |
| നീക്കിയിരിപ്പ് | 4284538 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10215000 | 10215000 | 8363082 | 1851918 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3115099 | 3115099 | 3097068 | 18029 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2998 | 2998 | 0 | 2998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം)* | | 0 | 7756000 | 7756000 | 7735054* | 20946 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2926000 | 2926000 | 2912695 | 13305 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 4798005 | 4798005 | 4772336 | 25669 |
| കെ.എൽ.എസ്.ജി.ഡി.പി, സംസ്ഥാനം | | 0 | 636734 | 636734 | 604548 | 32186 |
| കെ.എൽ.എസ്.ജി.ഡി.പി, കേന്ദ്രം | | 0 | 1735028 | 1735028 | 1658789 | 76239 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 6232846 | 6232846 | 6232846 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 88639 | 695207 | 783846 | 769654 | 14192 |
| | മെറ്റീരിയൽ കോസ്റ്റ് | 0 | 429775 | 429775 | 429775 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | | 12000 | 0 | 12000 | 0 | 12000 |
| ഐ.സി.ഡി.എസ് | | 174395 | 395125 | 569520 | 238557 | 330963 |
| തൊഴിൽ രഹിത വേതനം | | 0 | 31680 | 31680 | 31680 | 0 |
| വിവാഹധനസഹായം | | 0 | 30000 | 30000 | 30000 | 0 |
| വിമുക്തി ഫണ്ട് | | 25000 | 12500 | 37500 | 27011 | 10489 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 107970 | 1775264 | 1883234 | 1883234 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | 0 | 1042764 | 1042764 | 1042764 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൌണ്ട് | 2265010 | 10822156 | 13087166 | 9293476 | 3793690 |
| | ട്രഷറി അക്കൌണ്ട് | 4473854 | 7706431 | 12180285 | 12345456 | -165171 |
| മറ്റിനം | ഗുണഭോക്തൃവിഹിതം | 120075 | 639482 | 759557 | 409112 | 350445 |

* മെയിന്റനൻസ് (റോഡ്) – വാർഷിക കണക്ക പ്രകാരം ചെലവ് 76,70,194/- രൂപയാണ്. അലോട്ട്മെന്റ് നൽകിയെങ്കിലും ട്രഷറിയിൽ നിന്നും പണം പിൻവലിക്കാതെ ‘Q’ ബില്ലിൽ ഉൾപ്പെട്ട ചെലവ് വാർഷിക കണക്കിൽ വരാത്തതിനാലാണ് ACR-ലേയും വാർഷിക കണക്കിലേയും ചെലവു തുകകൾ തമ്മിൽ പൊരുത്തപ്പെടാത്തത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 212 | 56091655 | 130 | 35422708 | 27 | 55 | 61% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 88639 | 695207 | 783846 | 769654 | 14192 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 6232846 | 6232846 | 6232846 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | 429775 | 429775 | 429775 | 0 |
| | 88639 | 7357828 | 7446467 | 7432275 | 14192 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 31680 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 3255300 | 269 |
| വിധവാപെൻഷൻ | 9794100 | 819 |
| വാർദ്ധക്യകാലപെൻഷൻ | 18305000 | 1346 |
| വികലാംഗപെൻഷൻ | 2353900 | 206 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1813300 | 154 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 30000 | 1 |

## 1-9 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.10.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10,932/- രൂപയുടെ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) വാർഷിക കണക്കുകളിൽ സ്ഥാപനത്തിന്റെ പൂർണ്ണമായുള്ള ഇടപാടുകളും പ്രവർത്തനങ്ങളും പ്രതിഫലിക്കുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിക്കാതെ നീക്കിയിരിപ്പുള്ളതായി കാണുന്നു. ആയത് വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.
2) ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ലഭിക്കുന്ന വരവുകൾ നിരീക്ഷിക്കുന്നതിന് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
3) ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള ആസ്തികളുടെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല.
4) വിവിധ ഡെപ്പോസിറ്റുകൾ തിരികെ കൊടുക്കാതെ സ്ഥാപനത്തിന്റെ ബാധ്യതയായി നിൽക്കുന്നു. മൂന്ന് വർഷത്തിലധികം പഴക്കമുള്ള ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല.
5) സ്റ്റോക്ക് രജിസ്റ്ററിൽ സ്ഥാപനത്തിന്റെ ആസ്തിയായ വസ്തുക്കളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണസംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2018 | 08/2018 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.09.2017 മുതൽ 28.09.2017 വരെ | 2012-13 മുതൽ 2016-17 വരെ | 17.11.2017 |

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 62 2(എഫ്)) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 ലെ "Net decrease in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 32,02,033 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ "Net cash used up by operating + investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 47,42,370 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ സാധിക്കുന്ന രീതിയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

4. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ ആർ.പി.-7 പ്രകാരം മെയിന്റനൻസ് ഫണ്ട് - റോഡ് എന്നയിനത്തിൽ 76,70,194/- രൂപ വരവ് വന്നതായി കാണിക്കുന്നു. എന്നാൽ മെയിന്റൻസ് ഫണ്ട് റോഡ് വിഭാഗത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്റർ പ്രകാരം 77,35,054/- രൂപയാണ് കാണുന്നത്. വ്യത്യാസത്തിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

5. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും, സേവന ഉപനികുതിയുടെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**5.1.**വസ്തുനികതി -തൻവർഷം (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ )

5.1.1

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 36,00,579 | 30,91,070 | 5,33,165 | 5,035 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 35,96,685 | 30,87,783 | | 7,325 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)<br>(2036075+1560610) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)<br>(1617505+1470278) | | *<br>(ബാലൻസ്/105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(7325+367)/105*100 |

വസ്തു നികുതി - കുടിശ്ശിക (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ )

5.1.2

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 21,28,347 | 21,83,765 | 33,234 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 32,29,669 | 21,74,211 | 24,929 |
| | 2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15),<br>(1681692 + 1709461)/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)<br>(1375157+799054) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)/<br>26175/105 x 100 |

**5.2** വസ്തുനികതിയിൻമേലുള്ള സേവന ഉപനികുതി (തൻവർഷം) (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ )

5.2.1

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,83,298 | 1,56,005 | 28,041 | 257 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1,83,174 | 1,56,330 | | 367 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ | | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | | |
|---|---|---|---|---|
| | | ആർ.പി-43)<br>(82289+74041) | | |

വസ്തുനികുതിയിൻമേലുള്ള സേവന ഉപനികുതി (കടിശ്ശിക) (റെസിഡൻഷ്യൽ & നോൺ റെസിഡൻഷ്യൽ )

5.2.2

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,47,848 | 1,11,193 | 1813 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3,41,398 | 1,11,746 | 1311 |
| | (2016-17ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(76914+264484) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)<br>(71165+40581) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

5.3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും സേവന ഉപനികുതിയുടെയും ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

6. മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പാക്കിയ ആയുർവേദ ഡിസ്പെൻസറി കമ്പ്യൂട്ടർവത്കരണം (എസ്.ഒ. 208) എന്ന പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് 71600 രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) ചെലവായിട്ടുണ്ട്. ഈ ചെലവ് "251600701-General economic services-Computerisation of LSGIs and transferred institutions- General" എന്ന ചെലവ് ശീർഷകത്തിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. (വൗച്ചർ നമ്പർ 21701316 തീ 07/03/2018)

ഇത് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആസ്തികൾ വാങ്ങുന്നതിനുള്ള മൂലധന ചെലവ് ആയതിനാൽ "410710104- Furnitture, fixtures, Fitting & Electrical appliances" എന്ന ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തുകയാണ് ഉചിതം എന്ന് അഭിപ്രായപ്പെടുന്നു. മൂലധന ചെലവ് തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ ഇൻകം&എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ്ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ മൂല്യം എന്നിവ 71600 രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു.

2018-19 ൽ "410710104- Furnitture, fixtures, Fitting & Electrical appliances"എന്ന ശീർഷകത്തിൽ ഡെബിറ്റും "Prior period items" എന്ന ശീർഷകത്തിലേയ്ക്കോ, "Excess income over expenditure" എന്ന ശീർഷകത്തിലേയക്കോ ക്രെഡിറ്റും നൽകി വാർഷികകണക്കിൽ ഈ ആസ്തി ചേർക്കേണ്ടതാണ്.

7. സംയുക്ത പ്രോജക്റ്റുകൾക്കായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച തുകകളിൽ ചെലവാക്കാത്ത തുകയുടെ വിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-1ൽ ചേർത്തിട്ടുണ്ട്. എന്നാൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-4 ൽ ചേർത്തിട്ടില്ല. ഈ തുകകൾ പരിശോധിച്ച് 2018-19-ലെ വാർഷികകണക്കിൽ ബാധ്യതയായി ക്രമീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ബജറ്റ്

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കുന്ന

സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15 മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് 09.03.2017 തീയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലെ തീരുമാനം നമ്പർ 33/17 പ്രകാരം ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ വായിച്ച് ചർച്ച ചെയ്തു എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർദ്ദേശങ്ങളോ ചർച്ചയുടെ വിശദാംശങ്ങളോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനു മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 23.03.17നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 27.03.2017നാണ്. ബജറ്റ് നടപടികൾ സമയബന്ധിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന സേവന ഉപനികുതി ചുമത്തൽ മുതലായ നിർദ്ദേശങ്ങൾ, കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

## 2-2 ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ

ഡി&ഒ ലൈസൻസ് സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) ഡി&ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സ്ഥലപരിശോധനാ റിപ്പോർട്ട് രേഖപ്പെടുത്തി കാണുന്നില്ല. ഭൂരിഭാഗം അപേക്ഷകളിലും വിറ്റ് വരവ്, ജീവനക്കാരുടെ എണ്ണം തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2) ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ പല സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം ചേർക്കുന്നില്ല.

3) ട്രേഡേഴ്സ് ലിസ്റ്റിൽ 436 സ്ഥാപനങ്ങളുടെ പേര് വിവരമാണ് ചേർത്തിരിക്കുന്നത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 469 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോഴും സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തുമ്പോഴും ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കേണ്ടതാണ്.

4) ഗ്യാലക്സി പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ 48 HP എന്നാണ് രേഖപ്പെടുത്തിയതും ഫീസ് ഈടാക്കിയതും. എന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രത്തിൽ 70 HP എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മദർ കോൺക്രീറ്റ്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ 10 HP എന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രത്തിൽ 36.5 HP എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സാലി പ്ലാസ്റ്റ് എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ 25 HP എന്നും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രത്തിൽ 40 HP എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സ്ഥലപരിശോധന നടത്തി സ്ഥാപനങ്ങളിലെ മെഷീനറികൾ ലൈസൻസ് പ്രകാരമുള്ള കുതിരശക്തിയിൽ കൂടുതലായിട്ടുള്ളതല്ല എന്ന് ഉറപ്പ് വരുത്തേണ്ടതും അനുമതിയിൽ കൂടുതലാണെങ്കിൽ നിയമനാസൃതമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5) മലിനീകരണ നിയന്ത്രണ ബോർഡിന്റെ പുതുക്കിയ അനുമതിപത്രം ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് ആയതിന് നോട്ടീസ് നൽകി പുതുക്കിയ അനുമതിപത്രം ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1) തൊഴിൽ നികുതി രജിസ്റ്ററിൽ വ്യക്തികളുടെ പേര് മാത്രം രേഖപ്പെടുത്തുന്നതിനാൽ ഏത് സ്ഥാപനത്തിന്റെ ഉടമയാണെന്നോ മറ്റ് വിവരങ്ങളോ അറിയുന്നതിന് സാധ്യമാകുന്നില്ല.

2) എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള 14 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങൾ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, കരാറുകാർ മുതലായവർക്ക് തൊഴിൽനികുതി ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) ഡി & ഓ ലൈസൻസ് അപേക്ഷ പ്രകാരമുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും നികുതി അടവാക്കുന്നതിന് ബാധ്യസ്ഥരായവർ തുക അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-4 വാടക സംബന്ധിച്ച അപാകതകൾ

ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ വാടക സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1) 26.02.2001 ന് കരട് ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച് നൽകിയിരുന്നു. പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ച പ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ബൈലോ പുനസമർപ്പിക്കാൻ ആവശ്യപ്പെട്ട് 25.06.2001 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കത്ത് ലഭിച്ചു. 11.07.2001 ന് മാറ്റങ്ങൾ വരുത്തിയ ബൈലോ അംഗീകാരത്തിനായി അയച്ച് കൊടുത്തതായി കാണുന്നു. ഡയറക്ടറുടെ അംഗീകാരം ലഭിക്കുകയോ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയോ ചെയ്തതായി കാണുന്നില്ല.

2) കമ്മ്യൂണിറ്റി ഹാൾ, മിനി കമ്മ്യൂണിറ്റി ഹാൾ, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവയുടെ വാടക നിരക്ക് നിശ്ചയിച്ചിട്ടുള്ളതിന്റെ ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 5/12.10.18 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഹാജരാക്കിയ ജനറൽ കമ്മിറ്റി മിനിറ്റ്സിൽ 01.03.2014 തീയതിയിലെ തീരുമാനം നം.IX(2)/14 പ്രകാരം കമ്മ്യൂണിറ്റി ഹാളിന്റെ വാടക 5,000/- രൂപയായും ഡെപ്പോസിറ്റ് തുക 2,000/- രൂപയായും വർദ്ധിപ്പിക്കുന്നതിനും 500/- രൂപ ക്ലീനിംഗ് ചാർജ്ജ് ഇനത്തിൽ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ മിനി കമ്മ്യൂണിറ്റി ഹാൾ, ഓപ്പൺ എയർ ഓഡിറ്റോറിയം എന്നിവയുടെ വാടക സംബന്ധിച്ച് തീരുമാനം ലഭ്യമാക്കിയില്ല.

3) രജിസ്റ്റർ പ്രകാരം ഏതൊക്കെ വ്യക്തികൾ ഏതൊക്കെ ദിവസങ്ങളിലേയ്ക്ക് ഹാൾ ബുക്ക് ചെയ്തു എന്നും എത്ര തുക അടവാക്കി എന്നും മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. പല അപേക്ഷകളിലും തുക അടവാക്കിയതിന്റെ വിവരം രേഖപ്പെടുത്തി കാണുന്നില്ല.

വാടക ഈടാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ ഉണ്ടാകേണ്ടതും ഈടാക്കുന്ന നിരക്ക് രജിസ്റ്ററിലും അപേക്ഷകളിലും വ്യക്തമായി രേഖപ്പെടുത്തി വയ്ക്കേണ്ടതുമാണ്.

## 2-5 ഇ-പേയ്മെന്റിനായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ നിന്നും ചാർജ്ജുകൾ ഈടാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്

ഇ-പേയ്മെന്റിനായി എസ്.ബി.ഐ ചേർപ്പ് ശാഖയിൽ ആരംഭിച്ചിട്ടുള്ള 36696168192 എന്ന അക്കൗണ്ടിൽ നിന്നും 4254 രൂപ ബാങ്ക് ചാർജ്ജായി 2017-18 സാമ്പത്തിക വർഷം ഈടാക്കിയതായി ലെഡ്ജർ പ്രകാരം കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 3693.40 രൂപയാണ് ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച അന്വേഷണം നം. 6/12.10.18-നുള്ള മറുപടിയിൽ ഓരോ ഇലക്ട്രോണിക് പണമടവിൽ നിന്നും നേരിട്ട് യൂസർ ചാർജ്ജ് ഈടാക്കുന്നതിനാലാണ് തുകയിൽ വ്യത്യാസം വന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 19.03.2013 ലെ G.O (R.T) 687/2013/LSGD നമ്പർ ഉത്തരവിൽ POS മെഷീൻ ഉപയോഗിച്ച് പഞ്ചായത്തിൽ ഉപഭോക്താവ് അടയ്ക്കുന്ന തുകയ്ക്കൊപ്പം ബാങ്ക് ചാർജ്ജ് കൂടി ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. യൂസർഫീ ഉൾപ്പെടെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈടാക്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 06.10.17 | കാഷ് ഹാൻഡ്ലിംഗ് ചാർജ്ജ് | 59.00 |
| 16.10.17 | ജി.പി.ആർ.എസ് റെന്റ് ജൂലായ് 17 | 259.60 |
| 16.10.17 | ജി.പി.ആർ.എസ് റെന്റ് ഓഗസ്റ്റ് 17 | 259.60 |
| 16.10.17 | ജി.പി.ആർ.എസ് റെന്റ് സെപ്റ്റംബർ 17 | 259.60 |
| 14.11.17 | ചാർജ്ജ് ജൂലായ് 17 മുതൽ | 295.00 |
| 15.11.17 | ജി.പി.ആർ.എസ് റെന്റ് ഒക്ടോബർ 17 | 259.60 |
| 08.12.17 | ജി.പി.ആർ.എസ് റെന്റ് ജൂൺ 17 | 259.60 |
| 08.12.17 | ജി.പി.ആർ.എസ് റെന്റ് നവംബർ 17 | 259.60 |
| 14.01.18 | ജി.പി.ആർ.എസ് റെന്റ് ഡിസംബർ 17 | 259.60 |
| 24.01.18 | കാഷ് ഹാൻഡ്ലിംഗ് ചാർജ്ജ് | 59.00 |
| 08.02.18 | ജി.പി.ആർ.എസ് റെന്റ് ജനവരി 17 | 259.60 |
| 26.02.18 | ചാർജ്ജ് ഒക്ടോബർ 17 മുതൽ | 295.00 |
| 16.03.18 | ജി.പി.ആർ.എസ് റെന്റ് ഫെബ്രുവരി 17 | 259.60 |
| 12.03.18 | അക്കൗണ്ട് കീപ്പിംഗ് ചാർജ്ജ് | 649.00 |
| | ആകെ | 3693.40 |

ജൂൺ 2017 മുതൽ ജി.പി.ആർ.എസ് റെന്റ് ആയി മാസം തോറും 259.60 രൂപ ഈടാക്കിയതായി കാണുന്നു (08.12.17). അക്കൗണ്ട് തുടങ്ങിയത് ജൂലായ് 2017-ലാണ് എന്നാണ് ഓഡിറ്റ് അന്വേഷണം നമ്പർ 6/12.10.18 നുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം 23 ഇടപാടുകളിലായി 30,951/- രൂപ മാത്രമാണ് ഇ-പേയ്മെന്റ് ആയി പഞ്ചായത്തിൽ അടവ് വന്നിട്ടുള്ളത്. ആയതിന് വേണ്ടി 14% തുക ബാങ്ക് ചാർജ്ജ്, യൂസർ ചാർജ്ജ് എന്നീ ഇനങ്ങളിലായി നഷ്ടപ്പെടുന്നത് പാഴ്ചെലവാണ്.

കറന്റ് അക്കൗണ്ട് ആയിരിക്കെ ഇത്രയും തുക ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ചാർജ്ജുകൾ ഒഴിവാക്കിക്കിട്ടുന്നതിനായി നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 2-6 വസ്തുനികുതി സാംഖ്യ സഞ്ചയ പൊരുത്തക്കേടുകൾ

2017-18ൽ പഞ്ചായത്തിൽ വസ്തുനികുതി നൂറ് ശതമാനത്തോളം പിരിച്ചെടുക്കുന്നതിനായി കുടുംബശ്രീ പ്രവർത്തകരെ വെച്ച് വീടുകൾ തോറും നോട്ടീസ് നല്കുകയും ഓരോ വാർഡുകളിൽ രണ്ട് വീതം കളക്ഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ക്ലാർക്കുമാർ വീടുകളിൽ പോയി നേരിട്ട് പിരിച്ചെടുക്കുകയും ചെയ്തു.വസ്തുനികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയയുടേയും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുടേയും സംയോജനം പൂർത്തിയായിട്ടുണ്ടെങ്കിലും ഇപ്പോഴും അപാകതകൾ നിലനിൽക്കുന്നുണ്ട്. വസ്തുനികുതിയുടെ ഡിമാന്റ് തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യറാക്കുന്ന സോഫ്റ്റ് വെയർ ആയ സാംഖ്യയിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നല്കുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രശീത് കളക്ഷനാണ് വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന സഞ്ചയ സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും

ഇപ്രകാരം തയ്യാറാക്കുന്ന ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷിക കണണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും സേവന ഉപനികുതിയുടെയും ഡി.സി.ബി. രജിസ്റ്റർ പ്രാകാരമുള്ള വാർഷാന്ത്യ സംക്ഷിപ്ത തുകകളും സാംഖ്യ, സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

<u>പൊരുത്തക്കേടിന്റെ കാരണങ്ങൾ</u>

കാലാകാലങ്ങളിൽ വസ്തുനികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തുന്നതും സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിമിതികൾ കൊണ്ടും സാംഖ്യ സഞ്ചയ തുകകൾ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണമായി.

കെട്ടിടങ്ങളുടെ ഡിമാന്റ് ഒഴിവാക്കുമ്പോൾ സഞ്ചയയിൽ മുൻവർഷത്തെ ഡിമാന്റിൽ കൂടി മാറ്റം വന്നു.

2013-14-ലെ വസ്തുനികുതി പരിഷ്കരണം നടത്തിയപ്പോൾ എല്ലാ ബിൽഡിങ്ങുകൾക്കും നികുതി വരികയും നികുതി ഉള്ള കെട്ടിടങ്ങൾക്ക് വർദ്ധനവ് വരികയും ചെയ്തു.

2015-16 സാമ്പത്തിക വർഷം നികുതി കുറയ്ക്കുകയും $30m^2$-ന് താഴെയുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. പിന്നീട് 60 $m^2$-ന് താഴെ വരുന്ന കെട്ടിടങ്ങളെ ഒഴിവാക്കുകയും മറ്റ് കെട്ടിടങ്ങളുടെ നികുതി കുറവ് ചെയ്യുകയുമുണ്ടായി. ഇത് അരിയർ ഡിമാന്റ് തുകയിൽ മാറ്റം വരുത്തി.

2013-14 സാമ്പത്തിക വർഷം നികുതി നിശ്ചയിച്ചപ്പോൾ വന്ന വർദ്ധനവും സർക്കാർ ഉത്തരവ് 144/15/ത.സ്വ.ഭ.വ., 358/15/ത.സ്വ.ഭ.വ. പ്രകാരം നികുതിയിൽ മാറ്റം വരുത്തിയതും വ്യത്യാസത്തിന് കാരണമായി.

പുതിയ കെട്ടിടം ഒരേ മോഡൽ റൂമുകൾക്ക് ഒരേസമയം നമ്പർ ഇടാൻ സാധിക്കുന്നില്ല. പേരുകളുടെ ആവർത്തനം ശരിയാക്കാൻ സാധിക്കുന്നില്ല.

ഡിമാന്റ് രജിസ്റ്റർ കൃത്യമായി വരുന്നില്ല.

വസ്തുനികുതി പരിഷ്കരണം, വസ്തുനികുതി സോഫ്റ്റ് വെയറിന്റെ സാങ്കേതിക മികവിന്റെ കുറവ് തുടങ്ങീ കാരണങ്ങൾ കൊണ്ട് വസ്തുനികുതിയിലുണ്ടായിട്ടുള്ള വ്യത്യാസം കൃത്യമായി കണക്കാക്കപ്പെടേണ്ടതും പൊരുത്തപ്പെടുത്തലിലൂടെ വരുമാന നഷ്ടം ഉണ്ടായിട്ടില്ല എന്നുള്ളത് ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണവകുപ്പ് തലത്തിൽ നടപടിയുണ്ടാകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുഖ്യ തനതുവരുമാനമായ വസ്തുനികുതി കൃത്യമായി കണക്കാക്കപ്പെടേണ്ടതും ആയത് ഈടാക്കപ്പെടേണ്ടതുമാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 നിർവ്വഹണോദ്യഗസ്ഥരുടെ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് തിരിച്ചടക്കേണ്ടതാണ്

നിർവ്വഹണോദ്യഗസ്ഥർ സർക്കാർ ഉത്തരവ് 177/06 ധനം തീ 12.04.2006 ലെ നിർദ്ദേശപ്രകാരം ഡി.ഡി എടുക്കുന്നതിന് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ നിലവിൽ അവസാനിപ്പിക്കാതെ സൂക്ഷിക്കുന്നതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യഗസ്ഥൻ | ബാങ്ക് | ബാങ്ക് അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് 25.9.17 ൽ |
|---|---|---|---|---|
| 1. | വി.ഇ.ഒ. പാലിശ്ശേരി | എസ്.ബി.ടി. | 67074307938 | 1508.6 |
| 2. | വി.ഇ.ഒ. അവിണിശ്ശേരി | എസ്.ബി.ടി. | 67074307393 | 1183.4 |
| 3 | കൃഷി ഓഫീസർ | എസ്.ബി.ഐ. | | 10,519 |
| 4 | വെറ്ററിനറി സർജൻ | എസ്.ബി.ഐ. | 67075340817 | 14/- (20.3.2014ൽ) |

നിലവിൽ ഗുണഭോക്താക്കൾക്ക് തുക നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനാൽ ഈ ബാങ്ക് അക്കൗണ്ട് നിലനിർത്തുന്നതിൽ പ്രസക്തിയില്ല. ബാങ്ക് അക്കൗണ്ട് തുടങ്ങാനായി പഞ്ചായത്ത് നൽകിയ തുകയാണ് നീക്കിയിരിപ്പ് എങ്കിൽ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടക്കേണ്ടതാണ്. മറിച്ച് വികസന ഫണ്ട് തുക വിനിയോഗിക്കാതെയോ വിതരണം ചെയ്യാതെയോ അവശേഷിക്കുന്നതാണെങ്കിൽ തുക മേൽ ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം 911-Deduct-Recoveries of over Payment എന്ന ശീർഷകത്തിൽ തുക പിൻവലിച്ച അതാത് ശീർഷകത്തിൽ തിരിച്ചടക്കേണ്ടതാണ്.

### 3-2 മോണിറ്ററിംഗ് റിപ്പോർട്ട്- പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കുന്നില്ല

സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) 72/2017 ത.സ്വ.ഭ.വ. തീ.29.03.2017 ഖണ്ഡിക 14.6 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ഇതേ ഉത്തരവ് ഖണ്ഡിക 14.8 പ്രകാരം നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് നിർവ്വഹണം പൂർത്തീകരിച്ച ശേഷം പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതുമാണ്. ഇത് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്താൻ സഹായിക്കുന്ന രേഖയായി ഉപയോഗിക്കാവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഒഴികെയുള്ള നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകൾക്ക് മോണിറ്ററിംഗ് നടത്തിയതായോ നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കിയതായോ കാണുന്നില്ല. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

### 3-3 മരുന്ന് ലഭ്യമാക്കിയിട്ടില്ല-264858 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട്-എസ്.ഒ.082/18 -പെയിൻ & പാലിയേറ്റിവ് കെയർ പ്രോജക്ട്

ചെലവ് തുക -619854 രൂപ

| ക്രമ നം. | ബിൽ നമ്പർ | തീയ്യതി | തുക | ഉദ്ദേശ്യം | കുറിപ്പ് |
|---|---|---|---|---|---|
| 1. | 7 | 21/3/18 | 1,07,666 | ഹോം കെയർ ചെലവുകൾ, വാഹന വാടക, നഴ്സിന്റെ ഹോണറേറിയം, ടെലഫോൺ അലവൻസ്, മരുന്ന് വാങ്ങാൻ മുൻകൂർ-50,000 രൂപ | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയത്- പ്രഫോമ ഇൻവോയ്സ് PRF 4655 തീ.3/3/2018 |

| | | | | | |
|---|---|---|---|---|---|
| | | | | | -50,000 രൂപ |
| 2. | ചെക്ക് നമ്പർ 1738984 എസ്.ടി.എസ്.ബി. | 1/1/18 | 2,00,000 | മരുന്ന് വാങ്ങാൻ മുൻകൂർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയത്-2,00,000 രൂപ | പ്രഫോമ ഇൻവോയ്സ് PRF 3086 തീ.19/12/17 -100000 രൂപ, PRF 3082 തീ.18/12/17 -89999 രൂപ, PRF712 തീ.18/12/2018 10001 രൂപ |
| 3. | ചെക്ക് നമ്പർ 1738987 | 14/3/18 | 50,000 | മരുന്ന് വാങ്ങാൻ മുൻകൂർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയത് -50,000 രൂപ | പ്രഫോമ ഇൻവോയ്സ് PRF 4643 തീ.03/03/2018 -46533 രൂപ, PRF 1608 തീ.03/03/2018 -3467 രൂപ |

പ്രോജക്റ്റിന് ചെലവായ 619854 രൂപയിൽ 3,00,000 രൂപ മരുന്ന് വാങ്ങാൻ മുൻകൂർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ നൽകിയിട്ടുള്ളതാണ്. ഇതിൽ മരുന്ന് ലഭ്യമാക്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1. | 5461 | 28/7/18 | 30402 |
| 2. | 5463 | 28/7/18 | 3077 |
| 3. | 6951 | 20/8/18 | 1273 |
| 4. | 7242 | 24/8/18 | 390 |
| | | | 35,142 |

മരുന്ന് ലഭ്യമാക്കുന്നതു വരെ ബാക്കി ചെലവ് തുക 264858 രൂപ (3,00,000-35,142 ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.എസ്.എ. വിഹിതം-അധികം നൽകിയത്

എസ്.എസ്.എ വിഹിതം (ജനറൽ)- SOO72/18
അടങ്കൽ-4,00,000 ; ചെലവ്-ട്രഷറി ബിൽ നം .3/16.8.17, ₹4,00,000/-

എസ്.എസ്.എ വിഹിതം(എസ്.സി.പി)-SO146/18
അടങ്കൽ-2,00,000 ; ചെലവ്-ട്രഷറി ബിൽ നം .4/16.8.17, ₹2,00,000/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മേൽ പറഞ്ഞ പ്രൊജക്റ്റുകൾക്കായി ഓഡിറ്റ് വർഷം 6,00,000/-രൂപ എസ്.എസ്.എയ്ക്ക് കൈമാറിയിട്ടുണ്ട്. എസ്.എസ്.എ നൽകിയ 'LSG Share requirement details,2017-18' പ്രകാരം തൻവർഷത്തെ പ്രതീക്ഷിത ചെലവുതുകയായ 26.655 ലക്ഷം രൂപയുടെ 40% തുക 10.662 ലക്ഷം രൂപയാണ് പഞ്ചായത്ത് അടവാക്കേണ്ടത്. 2018-19-ൽ സ്പിൽ ഓവറായി 2,59,392/- രൂപ കൂടി (ജനറൽ-73,386/-,എസ്.സി.പി-1,86,006/-) 2017-18 വർഷത്തെ വിഹിതം അടവാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം അടവാക്കിയ 6,00,000/- രൂപയ്ക്ക് എസ്.എസ്.എ. വിനിയോഗസാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

എസ്.എസ്.എ ജില്ലാ പ്രൊജക്റ്റ് ഓഫീസർ 31.5.2018ൽ നൽകിയ 'എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്' പ്രകാരം 2017-18-ൽ പഞ്ചായത്തിനുവേണ്ടി ചെലവഴിച്ചത് 13,53,955/- രൂപയാണ്. ആയതിന്റെ 40% അതായത് 5,41,582/- രൂപ മാത്രമാണ് പഞ്ചായത്ത് 2017-18 വർഷത്തെ വിഹിതമായി വഹിക്കേണ്ടത് എന്നുകാണുന്നു. പരിശോധിച്ച് അധികം അനുവദിക്കപ്പെട്ട തുക അടുത്ത വർഷങ്ങളിലെ വിഹിതത്തിൽ കുറവുവരുത്തേണ്ടതാണ്.

## 3-5 നീർത്തടമാസ്ററർ പ്ളാൻ തയ്യാറാക്കിയിട്ടില്ല

നീർത്തട മാസ്ററർ പ്ളാൻ തയ്യാറാക്കുന്നതിന് ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന് തുകകൈമാറൽ, SO215/18

അടങ്കൽ- തനത്ഫണ്ട്- 24,270/-

ചെലവ്-വൗച്ചർ നം-51700969/24.1.18, ₹ 24270/-

നിർവ്വഹണം -സെക്രട്ടറി

ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് MGNREGS, ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ സി.561(1)/17/26.9.17 നമ്പർ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് നീർത്തടമാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 24270/- രൂപ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 9/17.10.18-ന് ലഭിച്ച മറുപടിയനുസരിച്ച് പദ്ധതി പൂർത്തികരിച്ചിട്ടില്ല. നീർത്തടമാസ്റ്റർ പ്ളാൻ തയ്യാറാക്കിയത് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-6 സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കൽ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കൽ, SO167/18

നിർവ്വഹണം-സെക്രട്ടറി

| അടങ്കൽ | | ചെലവ് | |
|---|---|---|---|
| | | ട്രഷറി ബിൽ നമ്പർ/ വൗച്ചർ നമ്പർ/ തിയതി | തുക |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,00,000 | 46/22.3.18 | 3,00,000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 10,00,000 | 51701173/22.3.18/ ₹146186/- | 9,96,291 |
| | | 51701255/28.3.18/ ₹598300/- | |
| | | 51701254/28.3.18/ ₹192760/- | |
| | | 51701253/28.3.18/ ₹59045/- | |
| ആകെ | | | 12,96,291/- |

പ്രൊജക്റ്റ് രൂപീകരണഫോറ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും സ്ട്രീറ്റ് മെയിൻ വലിക്കൽ എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിർവ്വഹണ രീതി ഡെപ്പോസിറ്റ് വർക്ക് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിക്കായി അതാത് KSEB ഇലക്ട്രിക്കൽ സെക്ഷനുകൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് തുക കൈമാറി-ഇലക്ട്രിക്കൽ ഡിവിഷൻ തൃശ്ശൂരിന് 4,46,186/- രൂപ, KSEB കൂർക്കഞ്ചേരിക്ക് 1,92,760/-രൂപ, KSEB ചേർപ്പിന് 59,045/-രൂപ വീതം. കൂടാതെ KREWSന് 193എണ്ണം LED സ്ഥാപിക്കുന്നതിന് 5,98,300/-രൂപയും നൽകിയിട്ടുണ്ട്. ആകെ പദ്ധതി ചെലവ് 12,96,291/- രൂപ.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1)പ്രൊജക്റ്റ് രൂപീകരണഫോറപ്രകാരം ഡെപ്പോസിറ്റ് വർക്ക് ആണ്, എന്നാൽ എൽ.ഇ.ഡി. ലൈറ്റ് സ്ഥാപിക്കുന്നതിന് ക്രൂസിനു പണം നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് പ്രൊജക്റ്റ് രൂപീകരണഫോറത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

2)AEഇലക്ട്രിക്കൽ സെക്ഷൻ ഒല്ലൂർ തയ്യാറാക്കിയ 4,46,186/- രൂപയുടെ എസ്റ്റിമേറ്റിൽ 70 ഡബിൾ ട്യൂബ് സെറ്റ്, 42 എൽ.ഇ.ഡി എന്നിവയുടെ 'അഡ്മിനിസ്ട്രേറ്റിവ് ഓവർഹെഡ് ചാർജ്' ഉൾപ്പെടുത്തിയിട്ടുണ്ട്. കൂർക്കഞ്ചേരി, ചേർപ്പ് ഇലക്ട്രിക്കൽ സെക്ഷനുകളുടെ എസ്റ്റിമേറ്റുകളിൽ ടി ചാർജ് ഉൾപ്പെടുന്നില്ല. ആയതിനാൽ പ്രൊജക്റ്റിൽ എൽ.ഇ.ഡി സ്ഥാപിക്കാനുദ്ദേശിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എത്ര എന്നതിൽ വ്യക്തതയില്ല.

3)തുക കൈമാറിയെങ്കിലും നിർവ്വഹണ ഏജൻസിയായ കെ.എസ്.ഇ.ബിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. മൂന്ന് സെറ്റ് മുദ്രപ്പത്രം ഫയലിൽ ഉണ്ട്, എന്നാൽ മുദ്രപ്പത്രത്തിൽ കെ.എസ്.ഇ.ബി യുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ഒപ്പുവച്ചിട്ടില്ല.

4) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രവൃത്തികൾ നിലവിൽ പൂർത്തികരിച്ചിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. എന്നാൽ ക്രൂസിൽ നിന്നും വാങ്ങിയ 193 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ 13 വാർഡുകളിലായി സ്ട്രീറ്റ് മെയിൻ വലിച്ച പോസ്റ്റുകളിൽ സ്ഥാപിച്ചതായി സെക്രട്ടറി, പ്രസിഡന്റ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് ഫയലിൽ കാണുന്നു. തെരുവുവിളക്ക് സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ എൽ.ഇ.ഡി. ലൈറ്റുകൾ ഉൾപ്പെടുത്തിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച വിവരം ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ 12,96,291/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 മൃഗസംരക്ഷണ പദ്ധതികൾ -പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവ്വഹണം-വെറ്ററിനറി സർജൻ
പ്രൊജക്റ്റ് നമ്പർ-SOO94/18

അടങ്കൽ-വികസനഫണ്ട്-6,25,000

ഗുണഭോക്തൃവിഹിതം-6,25,000, ആകെ=12,50,000/-

ചെലവ്-ട്രഷറി ബിൽ നം P.10/17-18/19.2.18-₹4,62,500/-

ഈ പദ്ധതിക്കായി 37 ഗുണഭോക്താക്കൾക്ക് 12,500/- വീതം ആകെ 4,62,500/- രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്. ആനക്കല്ല് ക്ഷീരസഹകരണസംഘത്തെയാണ് പദ്ധതി നിർവ്വഹണത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്.

പരിശോധനക്ക് ലഭ്യമാക്കിയ, പദ്ധതിയിൽ പങ്കാളികളായവരുടെ പേരുവിവരം ഉൾപ്പെടുത്തിയ വ്യക്തിഗത നാൾവഴി പ്രകാരം സുശീല, ചക്കാലക്കൽ എന്ന ഗുണഭോക്താവ് മാർച്ച്, ഏപ്രിൽ, മെയ്/2018 മാസങ്ങളിൽ മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. അതിനുശേഷം രജിസ്റ്ററിൽ 'death' എന്നു രേഖപ്പെടുത്തിക്കാണുന്നു. ടി ഗുണഭോക്താവ് പദ്ധതിയിൽ പങ്കാളിയായി തുടരാത്ത പക്ഷം ടിയാൾക്ക് അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് തിരിച്ചടവാക്കേണ്ടതുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി. യിൽ നിന്നും പദ്ധതിപൂർത്തികരണത്തിന്റെ വിശദാംശങ്ങൾ , മേൽ പറഞ്ഞപ്രകാരം പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം ബാക്കിതുക സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരം എന്നിവ ആവശ്യപ്പെടേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 10/17.10.18)

## 3-8 സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതി അപേക്ഷ വിവരങ്ങൾ- 2017-18

ഗ്രാമപഞ്ചായത്തിൽ 2017-18-ൽ ലഭിച്ച സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പെൻഷൻ | 2017-18-ൽ അപേക്ഷകളുടെ എണ്ണം | ക്ഷേമകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ചത് | പുനരന്വേഷണത്തിനു ശേഷം അംഗീകരിച്ചത് |
|---|---|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 254 | 244 | 130 |
| 2 | വിധവ പെൻഷൻ | 32 | 30 | 16 |
| 3 | വികലാംഗ പെൻഷൻ | 18 | 18 | 11 |
| 4 | കർഷക പെൻഷൻ | 2 | 1 | 1 |
| 5 | 50 വയസ്സിനു മേലെയുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 3 | 2 |
| 6 | തൊഴിൽ രഹിത വേതനം | 1 | 0 | 0 |

അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ ഗുണഭോക്താക്കൾ അർഹരാണോ എന്നു പരിശോധിക്കേണ്ടതും അർഹരായവർക്ക് മാത്രം ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു എന്നും ഉറപ്പു വരുത്തുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 തൊഴിലുറപ്പ് പദ്ധതി വിവരങ്ങൾ 2017-18

അവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി തൊഴിലുറപ്പപദ്ധതി വിശദാംശങ്ങൾ

| | | |
|---|---|---|
| 1 | വർഷത്തെ മൊത്തം അടങ്കൽ | 98843154 |
| 2 | മുൻബാക്കി | 88639 |
| 3 | ആകെ വരവ് | 7357828 |
| 4 | ആകെ ചെലവ് | 7432275 |
| 5 | വർഷാന്ത്യ നീക്കിയിരിപ്പ് | 14192 |
| 6 | വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 136 |

| | | |
|---|---|---|
| 7 | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 114 |
| 8 | വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 1467 |

9. സൃഷ്ടിച്ച തൊഴിൽദിനങ്ങൾ

| സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|
| 20397 | 1786 | 22183 |
| പട്ടികജാതി | മറ്റുള്ളവർ | ആകെ |
| 5191 | 16992 | 22183 |

| | | |
|---|---|---|
| 10 | വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 280 |
| 11 | 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 125 |
| 12 | വർഷത്തിൽ വിതരണം ചെയ്ത വേതനം | 6232846 |
| 13 | സോഷ്യൽ ഓഡിറ്റ് | നടത്തി |

പദ്ധതികൾ സംബന്ധിച്ച വിവരം

| ക്രമ നം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വരൾച്ച തടയൽ, വനവത്കരണം | 13 | 624330 |
| 2 | ചെറുകിട ജലസേചനം | 5 | 567600 |
| 3 | പട്ടികജാതി, പട്ടികവർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജലസംരക്ഷണം | 62 | 4458630 |
| 4 | ഭൂവികസനം | ---- | ---- |
| 5 | മണ്ണ് ജലസംരക്ഷണം | ---- | ----- |
| 6 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 3 | 132660 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | ----- | ------ |
| 8 | മറ്റുള്ളവ | 53 | 879401 |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | പച്ചക്കറി സബ്സിഡി | 27115 | 22885 |
| | | 215450 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 173149 | 42301 |
| | | 100000 | പെയിൻ & പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 175000 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് | 175000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | | 310000 | പാലിന് സബ്സിഡി | 310000 | 0 |
| | | 1000000 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 996291 | 3709 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | പച്ചക്കറി സബ്സിഡി | 27115 | 22885 |
| | | 215450 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 173149 | 42301 |
| | | 150000 | പെയിൻ & പാലിയേറ്റീവ് കെയർ | 150000 | 0 |
| | | 175000 | മാനസിക ശാരീരിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് | 100000 | 75000 |
| | | 150000 | പാലിന് സബ്സിഡി | 140000 | 10000 |

എന്നാൽ ഈ നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ ബി-4 ൽ ചേർത്തിട്ടില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | വൗച്ചർ നമ്പർ |
|---|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റിവയ്ക്കൽ | 152054 | 152054 | 0 | |
| 2 | കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1296291 | 1296291 | 0 | |
| ആകെ | | | 1448345 | 1448345 | 0 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 250 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 250 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 250 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി | രസീത് നൽകിയ ശീർഷകം |
|---|---|---|---|---|---|
| 2016-17 | 2.1(2) | 210 രൂപ | നാരായണൻ, കറുകയിൽ | 117050101628 തീ.28.07.17 | Other receipts |
| 2016-17 | 2.1(3) | 158 രൂപ | നാരായണൻ, കറുകയിൽ | 117050101628 തീ.28.07.17 | Other receipts |
| 2016-17 | 2.1(4) | 90 രൂപ | നാരായണൻ, കറുകയിൽ | 117050101628 തീ.28.07.17 | Other receipts |
| 2015-16 | 2.3 | 2000 രൂപ | മേവിസ് ഡേവീസ് | 117050104621/ 07.02.18 | Profession tax (Traders/ institution) |

| | | | | | |
|---|---|---|---|---|---|
| | | 900 രൂപ | മേവിസ് ഡേവീസ് | 117050104622/ 07.02.18 | Profession tax (Traders/ institution) |
| | | 900 രൂപ | സി.ജി ബേസിൻ | 117050105800/ 07.03.18 | Other receipts |
| | | 500 രൂപ | ബീന പോൾസൻ | 117050105418/ 03.05.17 | Profession tax (Traders/ institution) |
| 2015-16 | 3.1 | 9810 രൂപ | എം.കെ. നാരായണൻ | 117050100252/ 22.04.17 | Other receipts |
| ആകെ | | 14,568 രൂപ | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51839769 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55041802 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 15,61,149 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 264858 | ഡോ. കെ.ആർ ബിജു, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 3-6 | 12,96,291 | എം.കെ.സുരേഷ്, സെക്രട്ടറി |
| ആകെ | 15,61,149 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്  /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും  സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. കെ.ആർ ബിജു, മെഡിക്കൽ ഓഫീസർ (അലോപ്പതി) | മെഡിക്കൽ ഓഫീസർ (അലോപ്പതി), പ്രാഥമിക ആരോഗ്യകേന്ദ്രം, അവിണിശ്ശേരി. | പുഷ്പാഞ്ജലി ഹൗസ്, കണിമംഗലം (പി.ഒ), തൃശ്ശൂർ-680027 |
| എം.കെ.സുരേഷ്, സെക്രട്ടറി | സെക്രട്ടറി, എളഗമൺ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം. | മേടയിൽ ഹൗസ്, മുരുക്കുംപുഴ റോഡ്, പോത്താനിയോട്(പി.ഒ), തിരുവനന്തപുരം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.10-1926/82/07/ 7.6.83 |
| 79-80 | എൽ.എഫ്.ടി.10-1929/83/ 16.3.84 |
| 80-81 | എൽ.എഫ്.ടി.10-1623/84/ 6.11.85 |
| 81-82 | എൽ.എഫ്.ടി.10-427/86/ 27.8.87 |
| 82-83 | എൽ.എഫ്.ടി.10-1360/87/ 1.2.88 |
| 83-84 | എൽ.എഫ്.ടി.10-1541/88/ 4.3.89 |
| 85-86 | എൽ.എഫ്.ടി.7-722/90/ 16.10.90 |
| 86-87, 87-88 | എൽ.എഫ്.ടി.17-1050/91/ 16.8.91 |
| 88-89, 89-90 | എൽ.എഫ്.ടി.17-1550/92/ 15.1.93 |
| 90-91 | എൽ.എഫ്.ടി.8-1176/94/ 22.2.95 |
| 92-93, 93-94 | എൽ.എഫ്.ടി.8-194/95/ 16.12.95 |
| 94-95, 95-96 | എൽ.എഫ്.ടി.8-172/97/ 19.6.97 |
| 96-97 | എൽ.എഫ്.ടി.8-1478/98/ 15.7.98 |
| 97-98 | എൽ.എഫ്.ടി.8-1534/98/ 15.7.99 |
| 98-99 | എൽ.എഫ്.ടി.8-1711/2000/ 1.3.01 |
| 99-00 | എൽ.എഫ്.ടി.8-966/01/ 5.11.01 |
| 00-01 | എൽ.എഫ്.ടി.15-725/05/ 2.1.06 |
| 01-02 | എൽ.എഫ്.ടി.15-1130/05/ 18.2.06 |
| 02-03 | |
| 03-04 | |
| 04-05 | എൽ.എഫ്.ടി.പി.2-519/12/ 2.3.12 |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.9-922/21.1.11/ 5.1.12 |
| 08-09 | |
| 09-10, 10-11 | എൽ.എഫ്.ടി.പി.2-1871/12-3.10.12 |
| 2011-12 | എൽ.എഫ്.ടി.പി260/2013/17.4.13 / 12.8.13 |
| 2012-13 | എൽ.എഫ്.ടി.പി.2-2168/13-7.5.14/ 16.7.14 |
| 2013-14 | എൽ.എഫ്.ടി.പി.2-284/2015-11.5.15/ 24.7.15 |

| | |
|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി2)683/16–13.05.2016/ 15.06.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി2)1984/16– 14.11.2016/30.12.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി2 )1318/2017 തീയതി.19.09.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി2 )1675/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി:11.12.2018

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം (AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ